
# പെരുമാട്ടിയിലെ പോരാട്ട ചരിത്രം

| | |
|---|---|
| ഒക്ടോബർ 8, 1999 | : പ്ലാച്ചിമടയിൽ ബോട്ടിലിങ്ങ് പ്ലാന്റ് തുടങ്ങാൻ പെരുമാട്ടി പഞ്ചായത്തിന് ഹിന്ദുസ്ഥാൻ കൊക്ക-കോള ബീവറേജസ് പ്രൈവറ്റ് ലിമിറ്റഡ് (എച്ച്.സി.ബി.പി.എൽ.) അനുമതി ചോദിക്കുന്നു. |
| ജനുവരി 30, 1999 | : 11 നിബന്ധനകളോടെ ജില്ലാ മെഡിക്കൽ ഓഫീസർ സൈറ്റ് അപ്രൂവൽ നൽകുന്നു. |
| ജനുവരി 27, 2000 | : 2600 കുതിര ശക്തിയുള്ള ഇലക്ട്രിക് മോട്ടോർ സ്ഥാപിച്ച് കമ്പനി തുടങ്ങാൻ പെരുമാട്ടി പഞ്ചായത്ത് അനുവാദം നൽകുന്നു. |
| 2000-2002 | : ജലത്തിന്റെ ഗുണത്തിലുള്ള വ്യത്യാസം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടുന്നു. |
| ഏപ്രിൽ 22, 2002 | : കമ്പനിക്കെതിരെ ജനങ്ങളുടെ പ്രക്ഷോഭം സി.കെ.ജാനു തുടങ്ങിവെക്കുന്നു. |
| മാർച്ച് 31, 2003 | : കമ്പനിയുടെ ലീസ് കാലാവധി തീർന്നു. |
| ഏപ്രിൽ 7, 2003 | : പെരുമാട്ടി പഞ്ചായത്ത് കൊക്കകോളയുടെ ലൈസൻസ് റദ്ദാക്കാൻ തീരുമാനിച്ചു. |
| ഏപ്രിൽ 22, 2003 | : കേരള ഹൈക്കോടതിയിൽ കോളകമ്പനി, റദ്ദാക്കൽ നടപടിക്കെതിരെ ഹർജി സമർപ്പിച്ചു. |
| മെയ് 6, 2003 | : കോള പ്രതിനിധികൾ പെരുമാട്ടി പഞ്ചായത്ത് ഓഫീസിൽ വിചാരണ നടത്തി. |
| മെയ് 12, 2003 | : ലൈസൻസ് പുതുക്കി വീണ്ടും നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു. |
| മെയ് 15, 2003 | : പഞ്ചായത്ത് മുൻ നിലപാടിൽ ഉറച്ചു തന്നെ. |
| മെയ് 16, 2003 | : ലൈസൻസ് റദ്ദാക്കിയതിനെതിരെ ഹർജി ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പിൽ സമർപ്പിക്കാൻ ഹൈക്കോ ടതി നിർദ്ദേശിച്ചു. |
| മെയ് 22, 2003 | : കോള അധികൃതർ സംസ്ഥാ നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് സഹായം തേടുന്നു. |
| ജൂൺ 11, 2003 | : തദ്ദേശ സ്വയം ഭരണ വകു പ്പിന്റെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത്, കോക്ക് അധി കൃതർ വിചാരണക്ക് (ഹിയറിങ്ങിന്) ഹാജരായി. |
| ജൂൺ 12, 2003 | : ലൈസൻസ് റദ്ദ് ചെയ്ത നട പടിക്ക് ഗവൺമെന്റ് സ്റ്റേ. |
| ജൂൺ 27, 2003 | : രണ്ടാംവട്ട വിചാരണ |
| ആഗസ്ത് 6, 2003 | : തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ മുമ്പാകെ വാദം തുടർന്നു. |
| സെപ്തംബർ 18, 2003 | : പഞ്ചായത്ത് രണ്ടാമതും കാരണം കാണിക്കൽ നോട്ടീസ് കമ്പനിക്ക് നൽകുന്നു. |
| ഒക്ടോബർ 6, 2003 | : കമ്പനി ഹൈക്കോടതിയിൽ രണ്ടാമതും ഹർജി നൽകി. കാരണം കാണി ക്കൽ നോട്ടീസിനു മറുപടി നൽകാൻ നിർദ്ദേശം. |
| ഒക്ടോബർ 8, 2003 | : രേഖാമൂലം മറുപടി കോള കമ്പനി അധികൃതർ നൽകുന്നു. |
| ഒക്ടോബർ 13, 2003 | : തദ്ദേശ സ്വയം ഭരണ വകുപ്പ് കോളകമ്പനിയുടെ ലൈസൻസ് റദ്ദാക്കിയതിനെ ചോദ്യം ചെയ്തുകൊണ്ട് ഇടക്കാല ഉത്തരവിറക്കി. വിദഗ്ധ സമിതി രൂപീകരിക്കാൻ പഞ്ചായത്ത് ഉത്തരവായി. |
| ഒക്ടോബർ 29, 2003 | : തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തീരുമാനത്തിനെതിരെ പഞ്ചായത്ത് ഹൈക്കോടതിയെ സമീപിച്ചു. |
| നവംബർ 3, 2003 | : കോള അധികൃതരോട് 16 ചോദ്യങ്ങളുന്നയിച്ച് പെരുമാട്ടി പഞ്ചായത്ത് അധികൃതർ കോള കമ്പനിയോട് അവശ്യ രേഖകൾ സഹിതം വിചാരണയ്ക്ക് (ഹിയറിങ്ങ്) ഹാജരാകാൻ ഉത്തരവിട്ടു. |
| നവംബർ 13, 2003 | : വിചാരണ (ഹിയറിങ്ങ്) ഒഴിവാക്കാൻ കോള അധികൃതർ പഞ്ചായത്തിനോടാവശ്യപ്പെട്ടു. |
| നവംബർ 14, 2003 | : കോളയുടെ ഹർജി ഹൈക്കോടതി തള്ളി. നവംബർ 17 ന് പഞ്ചായത്തിനു മുൻപാകെ ഹാജരാകാൻ കോടതി ആവശ്യപ്പെട്ടു. |
| നവംബർ 17, 2003 | : കോള പ്രതിനിധികൾ രേഖകളില്ലാതെ പഞ്ചായത്തിന് മുൻപിൽ ഹാജരായി. പഞ്ചായത്ത് അധികൃതരുടെ കണ്ടെത്തലിനെ അവർ ചോദ്യം ചെയ്തു. |
| ഡിസംബർ 16, 2003 | : കേരള ഹൈക്കോടതി ഹിന്ദുസ്ഥാൻ കൊക്കക്കോള കമ്പനിയോട് ഒരു മാസത്തിനകം ബോട്ടിലിങ്ങ് പ്ലാന്റിനായുള്ള വെള്ളത്തിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താനാവശ്യപ്പെട്ടു. |



കോളയ്ക്കെതിരെ പോരാടുന്ന പെരുമാട്ടി പഞ്ചായത്ത് പ്രസിഡണ്ട് എ.കൃഷ്ണൻ